"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണവകുപ്പ് - ജീവനകാര്യം - വയനാട് ജില്ല - നൂൽപ്പുഴ ഗ്രാമപഞ്ചായത്ത് ഓഫീസ് - മുൻ സീനിയർ ക്ലർക്ക് - ശ്രീ.അലി കെ -ക്ക് അനുവദിച്ചിരുന്ന ശൂന്യവേതനാവധി റദ്ദ് ചെയ്ത് ഉത്തരവാകുന്നു.

---

**തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.32/2026/LSGD തീയതി,തിരുവനന്തപുരം, 04-01-2026

---

പരാമർശം:-

1. വൈത്തിരി താലൂക്ക് പഞ്ചായത്ത് ഓഫീസറുടെ 05.10.1994ലെ A 1064/94 നമ്പർ ഉത്തരവ്
2. വൈത്തിരി താലൂക്ക് പഞ്ചായത്ത് ഓഫീസറുടെ 06.01.1995ലെ A 10/95 നമ്പർ ഉത്തരവ്
3. ശ്രീ.അലി കെ സമർപ്പിച്ച 21.12.2022ലെ അവധി അപേക്ഷ
4. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 18.07.2024ലെ LSGD/PD/9191/2023-DEC2 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

വയനാട് ജില്ലയിലെ നൂൽപ്പുഴ ഗ്രാമപഞ്ചായത്തിലെ മുൻ സീനിയർ ക്ലർക്ക് ശ്രീ.അലി കെ- ക്ക് 01.10.1994 മുതൽ 31.03.1995 വരെ മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ശൂന്യവേതനാവധി അനുവദിക്കുന്നതിനായി പരാമർശം (3) പ്രകാരം സമർപ്പിച്ച അപേക്ഷ പരാമർശം (4) പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ലഭ്യമാക്കിയിട്ടുണ്ട്.

2. പരാമർശം (1) പ്രകാരം 01.10.1994 മുതൽ 31.12.1994 വരെയും പരാമർശം(2) പ്രകാരം 01.09.1995 മുതൽ 31.03.1995 വരെയും ശൂന്യവേതനാവധി അനുവദിച്ചിട്ടുള്ളതായി ടിയാന്റെ സേവനപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 01.10.1994 മുതൽ 31.03.1995 വരെയുള്ള കാലയളവ് 180 ദിവസത്തിലധികരിക്കുന്നതിനാൽ മേൽക്കാലയളവിലേക്ക് സർക്കാരാണ് ശൂന്യവേതനാവധി അനുവദിക്കേണ്ടത്. ആയതിനാലാണ് പരാമർശം (4) പ്രകാരം അവധി അപേക്ഷ ലഭ്യമാക്കിയിട്ടുള്ളത് .

3.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 01.10.1994 മുതൽ 31.03.1995 വരെയുള്ള കാലയളവ് 180 ദിവസത്തിലധികരിക്കുന്നതിനാൽ മേൽക്കാലയളവിലേക്ക് ശൂന്യവേതനാവധി അനുവദിക്കുന്നതിനുള്ള അധികാരം സർക്കാരിൽ നിക്ഷിപ്തമാണ്. ഈ സാഹചര്യത്തിൽ വയനാട് ജില്ലയിലെ നൂൽപ്പുഴ ഗ്രാമപഞ്ചായത്തിലെ മുൻ സീനിയർ ക്ലർക്ക് ശ്രീ.അലി കെ-ക്ക് ശൂന്യവേതനാവധി അനുവദിച്ച പരാമർശം (1) , (2) നടപടിക്രമങ്ങൾ റദ്ദ്

ചെയ്ത് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പദ്മിനി കെ എസ്
ഡെപ്യൂട്ടി സെക്രട്ടറി

1.പ്രിൻസിപ്പൽ ഡയറക്ടർ , തദ്ദേശസ്വയംഭരണവകുപ്പ്,തിരുവനന്തപുരം
2.പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ/ആഡിറ്റ്) കേരള.തിരുവനന്തപുരം/തൃശ്ശൂർ
3.ജോയിന്റ് ഡയറക്ടർ,തദ്ദേശസ്വയംഭരണവകുപ്പ് , വയനാട് (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
4.സെക്രട്ടറി,നൂൽപ്പുഴ ഗ്രാമപഞ്ചായത്ത് ഓഫീസ് (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
5.ശ്രീ.അലി കെ , മുൻ സീനിയർ ക്ലർക്ക് , നൂൽപ്പുഴ ഗ്രാമപഞ്ചായത്ത് ഓഫീസ് (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
6.ധനകാര്യ വകുപ്പ് (29.11.2025ലെ e-3230608/ഡെവ-1/164/2025-ധന നമ്പർ യു ഒ റിമാർക്സ് പ്രകാരം)
8.ഡയറക്ടർ . ഐ കെ എം
9.ഇൻഫർമേഷൻസ് & പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ് & ന്യൂ മീഡിയ ഡിവിഷൻ)
10.കരുതൽ ഫയൽ (ഫയൽ നം.164/ഇപിഎ1/2024-എൽഎസ്ജിഡി

ഉത്തരവിൻ പ്രകാരം

Signed by
Danuja M S
സെക്ഷൻ ഓഫീസർ
Date: 05-01-2026 10:52:37